"ഭരണഭാഷ മാതൃഭാഷ"

<u>കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം</u>

(Present:SUNIL JOHN J)

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവൺമെൻറ് കോളേജ് അദ്ധ്യാപകർ - ഫിലോസഫി വിഭാഗം പൊതു സ്ഥലം മാറ്റം 2026-2027 ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്നമ്പർ: DCETVM/3807/2026 -A4 തിയതി: 13-08-2026

പരാമർശം: 1.ഈ ഓഫീസിലെ 09-05-2026 ലെ DCETVM/803/2026-B2 നമ്പർ സർക്കുലർ

2. 02.07.2026 തീയതിയിലെ DCETVM/3807/2026-A4 നമ്പർ നടപടിക്രമം

3.13-07-2026 തീയതിയിലെ DCETVM/803/2026-B2 നമ്പർ സർക്കുലർ

<u>ഉത്തരവ്</u>

സർക്കാർ കോളേജുകളിലെ ഫിലോസഫി വിഭാഗം അദ്ധ്യാപകരുടെ 2026 -2027 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം 2 പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ അവ ഉത്തരവ് പ്രസിദ്ധീകരിച്ച് നിശ്ചിത സമയപരിധിക്കകം സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു. ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയുടെ അടിസ്ഥാനത്തിൽ ഫിലോസഫി വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു

ക്രമ നമ്പർ	**പേരും ജോലി ചെയ്യുന്ന സ്ഥാപനവും**	**സ്ഥലം മാറ്റത്തിനായി പരിഗണിക്കുന്ന സ്ഥാപനം**
1	**ഡോ .ദിലീപ് ആർ** ഗവൺമെൻറ് ബ്രണ്ണൻ കോളേജ്, തലശ്ശേരി (ഓപ്ഷൻ) PEN :714948	മഹാരാജാസ് കോളേജ്, എറണാകുളം (ഡോ .ബിജു .കെ .പി -യെ സ്ഥലം മാറ്റുന്ന ഒഴിവിൽ)
2	**ഡോ .ബിജു .കെ . പി** മഹാരാജാസ് കോളേജ്, എറണാകുളം (നിർബന്ധിതം) PEN 681895	ഗവണ്മെന്റ് കോളേജ്, ചിറ്റൂർ (നിലവിലെ ഒഴിവിൽ)

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോലിയിൽ

പ്രവേശിക്കേണ്ടതുമാണ് . ജോലിയിൽ പ്രവേശിച്ചതും വിട്ടുതൽ ചെയ്യതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിട്ടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

സുനിൽ ജോൺ ജെ

അഡിഷണൽ ഡയറക്ടർ

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (i /c)

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്

3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്